കേരള സർക്കാർ

# കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)354/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി :03.04.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2... ഖണ്ഡികയിലേയ്ക്കും ഭാഗം 3.. ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ

.
ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)354/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം ,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 03.04.2017

എറണാകുളംജില്ലയിലെ കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9.03.2016 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 13.2.2017 മുതൽ 20.2.2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ അബ്ദുൾസലാം റ്റി.ഐ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ വിനീത് ആർ. | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഷൈബി ഇ.ഡി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ റെജി ഇട്ടൂപ്പ് | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 17.11.2015 |
| | ശ്രീമതി ബിന്ദു ഗോപാലകൃഷ്ണൻ | 18.11.2015 | 31.3.2016 |

.

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ പി. ആർ. വിജയകുമാർ | 1.4.2015 | 8.12.2015 |
| | ശ്രീ ഷാജി മാത്യു | 9.12.2015 | 17.12.2015 |
| | ശ്രീ ആർ. സുരേഷ് കുമാർ | 18.12.2015 | 10.2.2016 |
| | ശ്രീ പി.ഒ. ജോസഫ് | 11.2.2016 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. ) | ഡോ. ഇ. സൈനബ | 1.4.2015 | 31.3.2016 |
| ശിശുവികസന പ്രൊജക്ട് ഓഫീസർ | ശ്രീമതി കെ. ഷക്കീല | 1.4.2015 | 6.8.2015 |
| | ശ്രീമതി ബീന റ്റി.ആർ. | 7.8.2015 | 31.3.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ഫ്രാൻസിസ് ജോൺ | 1.4.2015 | 31.3.2016 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ജോജോ മാത്യു | 1.4.2015 | 31.3.2016 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ എൻ.എച്ച്. അൻവർ | 1.4.2015 | 29.6.2015 |
| | ശ്രീമതി ഷൈനിമോൾ കെ.ബി. | 30.6.2015 | 31.3.2016 |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 | |
| 7 | ആഭ്യന്തരനിയന്ത്രണം. | 1-7 | |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 | |
| 9 | പദ്ധതി രൂപീകരണം- മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ പൂർണ്ണമായി ഉറപ്പുവരുത്തുന്നില്ല | 1-9 | |
| | ഭാഗം 2 | | |
| 10 | വാർഷിക ധനകാര്യപത്രിക പരിശോധന | 2-1 | |
| | ഭാഗം 3 | | |
| 11 | സാക്ഷരതാ പ്രേരകിന്റെ വേതനം സാക്ഷരതാ മിഷനിൽനിന്നും ലഭ്യമാക്കിയില്ല | 3-1 | |
| 12 | പരസ്യചാർജ്ജ് - അധിക തുക അനുവദിച്ച് നൽകി | 3-2 | |
| 13 | മരുന്ന് ലഭ്യമായില്ല | 3-3 | |
| 14 | അങ്കണവാടി മെയിന്റനൻസ്- പദ്ധതി പൂർത്തീകരിച്ചില്ല | 3-4 | |
| 15 | ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 | |
| 16 | ഐ എ വൈ ഭവന നിർമ്മാണ പദ്ധതി | 3-6 | |
| 17 | കെട്ടിട നിർമ്മാണം - സമ്പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പണി നടത്തുന്നു. | 3-7 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 18 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 19 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 21 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 22 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 23 | ഓഡിറ്റ് റിക്കവറി | 4-6 | |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 25 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 26 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 27 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| 28 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| 29 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 | |
| 30 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 എന്നീ വർഷങ്ങളിലെ ബജറ്റ് 16.3.2015 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 204234900 | 234924729 |
| വാർഷിക കണക്കുകൾ പ്രകാരം | 97962132 | 94983503 |
| വ്യത്യാസം | 106272768 | 139941226 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 01.08.2016 | - | - |

ധനകാര്യപത്രിക പരിശോധിച്ചതിൽ വിവരം ഖ. 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32793307 |
| വരവ് | 97962132 |
| ആകെ | 130755439 |
| ചെലവ് | 94983503 |
| നീക്കിയിരിപ്പ് | 35771936 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെ ഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP 40bപ്ര കാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 3472862 | 23835751 | 26000 | 27334613 | 27334613 | 0 |
| എസ്.സി. പി. | 1154519 | 6355364 | - | 7509883 | 7509883 | 0 |
| ടി.എസ്.പി. | 26000 | - | - | 26000 | 26000 | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 923526 | 814507 | - | 1738033 | 1738033 | 0 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 15-16 | 70 | 1119608453 | 64 | 36582529 | - | 6 | 91.43 |

# 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.2.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1155/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം.

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യു രജിസ്ററർ എന്നിവ അപൂർണ്ണമാണ്. 2015-16 ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ടി എസ് പി ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ഒന്നും ചേർത്തിട്ടില്ല. ചെക്ക് ഇഷ്യു രജിസ്റ്ററിൽ 09.07.2015 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഫോം നമ്പർ 5 പ്രകാരമുള്ള രജിസ്റ്റർ പൂർത്തിയാക്കി ഓരോ മാസത്തേയും വരവ് ചെലവ്, നീക്കി ബാക്കി കണക്കാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/09/2015 | 2014-15 | 3/11/2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.2.2017 മുതൽ 6.2.2017 വരെ | 2015-16 | ലഭിച്ചിട്ടില്ല |

## 1-9 പദ്ധതി രൂപീകരണം-മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ പൂർണ്ണമായി ഉറപ്പുവരുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ (172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടികയിലെ) താഴെപ്പറയുന്നവ സംബന്ധിച്ച് ഓഡിറ്റ് വർഷത്തിൽ പദ്ധതികൾ യാതൊന്നും തന്നെ നടപ്പിലാക്കിയതായി കാണുന്നില്ല.

1. കാർഷിക പദ്ധതികൾ

2.ചെറുകിട ജലസേചന പദ്ധതികൾ

3. വിദ്യുച്ഛക്തിയും ഊർജ്ജവും (പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനം)

4. സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തൽ

5. ചെറുകിട വ്യവസായങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ

പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധന

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ BPFA I അക്കൗണ്ടിൽ 14,000/- രൂപ നീക്കിയിരിപ്പ് ഉള്ളതായി RP – 40 (b) ഷെഡ്യൂളിലും, ട്രഷറി പാസ് ബുക്കിലും കാണുന്നു. പ്രസ്തുത അക്കൗണ്ടിലെ തുക സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക്

മാറ്റേണ്ടതായിരുന്നു എങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2. RP – 40 (b) ഷെഡ്യൂളിൽ IAY യുടെ നീക്കിയിരിപ്പ് തുക 29,077,544 രൂപയാണ്. എന്നാൽ 31.03.2016ൽ ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയ എ സി ആർ പ്രകാരമുള്ള തുക 2,90,28,557/-രൂപയാണ്. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാക്ഷരതാ പ്രേരകിന്റെ വേതനം സാക്ഷരതാ മിഷനിൽനിന്നും ലഭ്യമാക്കിയില്ല

സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറിൽ നിന്നും സാക്ഷരതാ പ്രേരകിന്റെയും അസിസ്റ്റന്റ് പ്രേരകിന്റെയും ഹോണറേറിയം/ അലവൻസ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ചെക്ക് നം. | തീയതി | തുക | കാലയളവ് |
|---|---|---|---|
| 911525 | 14.10.15 | 52500 | 01/15 – 05/15 |
| 404994 | 14.10.15 | | |
| 405854 | 06.09.16 | 52500 | 11/15 -03/16 |

എന്നാൽ താഴെപ്പറയും പ്രകാരം 6/15 മുതൽ10/15 വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രേരക് മാർക്ക് നൽകിയിട്ടുള്ള വേതനം സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചതായി കാണുന്നില്ല.

| CB No. | ചെക്ക് നം. | തീയതി | തുക | കാലയളവ് |
|---|---|---|---|---|
| 30/15-16 | 1731693-95 | 21.08.15 | 31500/- | 6/15-8/15 |
| 49/15-16 | 1863414-416 | 26.11.15 | 28000/- | 9/15-10/15 |
| ആകെ | | | 59500 | |

ടി തുക സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനു വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 3-2 പരസ്യചാർജ്ജ് - അധിക തുക നൽകി

സി ബി നം.38/2015-16 (ചെക്ക് നം. 1863403 തീയതി 01.10.15) പ്രകാരം 3400/- രൂപ ടെണ്ടർ നോട്ടീസ് പരസ്യം ചെയ്തതിന്റെ ബിൽ തുകയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും AEE, LSGD ക്ക് അനുവദിക്കുകയുണ്ടായി. ഇതു സംബന്ധമായി വീക്ഷണം ദിനപത്രത്തിന്റെ 16.09.15 ലെ 10692 ാം നമ്പർ ബിൽ പ്രകാരം ബിൽ തുക 2890/- രൂപയാണ്(ഡിസ്കൗണ്ട് തുകയായ 510/- രൂപ കിഴിച്ചതിനു ശേഷം).ആയതിനാൽ AEE ക്ക് അധികമായി അനുവദിച്ച 510/- രൂപ ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S017/16 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,00,000/-( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 4,00,000/- |
| ബിൽ നം | 6/15-16 തീയതി 19.01.2016 |

മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ വേങ്ങൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി 18.01.2016 ലെ ഡി ഡി നം.145254 മുഖേന തിരുവനന്തപുരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് 4,00,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയും പ്രകാരം 2,80,710/-രൂപക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായതായിട്ടുള്ളൂ.

| ഇൻവോയ്സ് നം. | തീയതി | മരുന്നിന്റെ വില |
|---|---|---|
| 4400 | 16.02.16 | 130030 |
| 4782 | 02.03.16 | 14221 |
| 3709 | 13.10.16 | 115967 |
| 5315 | 05.12.16 | 20492 |
| ആകെ | | 2,80,710/- |

ബാക്കി തുകയായ 1,19,290/- രൂപ ഇനിയുള്ള വാങ്ങലുകളിൽ അഡ്ജസ്റ്റ് ചെയ്യുകയോ അല്ലാത്ത പക്ഷം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 അങ്കണവാടി മെയിന്റനൻസ്- പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | S0064/16 |
| അടങ്കൽ | 20,05,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം 10,00,000/-, മറ്റ് ഗ്രാമപഞ്ചായത്ത് 10,05,000/-) |
| ചെലവ് | 10,00,000/-രൂപ |
| ബിൽ നമ്പർ | 12/15-16 തീയതി 12.10.15 (857069/-രൂപ) |
| | 13/15-16 തീയതി 12.10.15(142931/-രൂപ) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ രായമംഗലം പഞ്ചായത്തിലെ 11അങ്കണവാടികളുടെ മെയിന്റനൻസിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 10,00,000/- രൂപ 13.10.2015 ൽ രായമംഗലം പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. രായമംഗലം പഞ്ചായത്തിൽ നിന്നും ഓഡിറ്റിന് ഹാജരാക്കിയ ചെലവു തുകയുടെ ധനവിനിയോഗസാക്ഷ്യപത്രത്തിൽ പദ്ധതി പൂർത്തിയാക്കാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല എന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പദ്ധതി എത്രയും വേഗം

പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | S0003/16 |
| പ്രോജക്റ്റിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്) |
| ചെലവ് | 15,00,000/- |
| ബിൽ നം | 1/15-16 തീയതി 23.07.2015 |

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്റ്റിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി കുവപ്പടി പഞ്ചായത്തിന് 23.07.2015 ലെ ഡി ഡി നം.224029 പ്രകാരം 3,00,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 15.02.2017 ൽ നൽകിയ 1 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് . ധനവിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഐ എ വൈ ഭവന നിർമ്മാണ പദ്ധതി

കുവപ്പടി ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ നടപ്പാക്കിയ ഐ എ വൈ പദ്ധതിയിൽ വിവിധ പഞ്ചായത്തുകളിലായി താഴെ പറയും പ്രകാരം 174 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| പഞ്ചായത്തിന്റെ പേര് | പൂർത്തിയാക്കിയ വീടുകളുടെ എണ്ണം |
|---|---|
| മുടക്കുഴ | 27 |
| ഒക്കൽ | 11 |
| രായമംഗലം | 42 |
| അശമന്നൂർ | 21 |
| കുവപ്പടി | 46 |
| വേങ്ങൂർ | 27 |

എന്നാൽ ഭവന നിർമ്മാണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പഞ്ചായത്ത് | ഗുണഭോക്താവിന്റെ പേര്, വിലാസം | എഗ്രിമെന്റ് തീയതി | അഡ്വാൻസ് തുക കൈപ്പറ്റിയ | തുക (രൂപ) |
|---|---|---|---|---|---|

| | | | | തീയതി | |
|---|---|---|---|---|---|
| 1 | മുടക്കുഴ | രജനി തങ്കപ്പൻ, വെട്ടുകാട്ടിൽ, അകനാട് | 30.09.2015 | 26.10.2015 | 17,500/- |
| 2 | | ബിന്ദു ടോമി &ടോമി പരുത്തുവേലിൽ ഇളമ്പകപ്പിള്ളി | 18.09.2015 | 26.10.2015 | 17,500/- |
| 3 | രായമംഗലം | സുഭദ്ര അയ്യപ്പൻ, എബിൻസൺ& സബിത സാബു ഇടത്തേക്കാൻ രായമംഗലം | 15.09.2015 | 24.09.2015 | 17,500/- |
| 4 | | ആനി w/o രവി മാഞ്ചോട്ടിൽ കീഴില്ലം | 17.09.2015 | 28.10.2015 | 17,500/- |
| 5 | | ലാലി W/o പൗലോസ് കോരോച്ചിക്കുടി കീഴില്ലം | 17.09.2015 | 24.09.2015 | 17,500/- |
| 6 | അശമന്നൂർ | ഫാത്തിമ നാസർ ഇഞ്ചക്കുടി അശമന്നൂർ പി ഒ | 25.02.2016 | 22.03.2016 | 17,500/- |
| 7 | കൂവപ്പടി | സന്ദ ഗിരീഷ് കല്ലിക്കുടി കോടനാട് പി ഒ | 09.12.2015 | 28.01.2016 | 17,500/- |
| 8 | | റോസിലി പാപ്പച്ചൻ കളത്തിപ്പറമ്പിൽ കോടനാട് | 25.09.2015 | 05.10.2015 | 17,500/- |
| 9 | വേങ്ങൂർ | ഉഷ ഹരിഹരൻ കളരിക്കൽ വേങ്ങൂർ | 28.09.2015 | 27.11.2015 | 17,500/- |

മേൽപ്പറഞ്ഞ 9 ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-7 കെട്ടിട നിർമ്മാണം - സമ്പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പണി നടത്തുന്നു.

2015-16 വർഷത്തിൽ താഴെ പറയുന്ന 7 വനിതാ ഫെസിലിറ്റേഷൻ / റിസോഴ്സ് സെന്ററുകളുടെ നിർമ്മാണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പരും പേരും | 2015-16 ൽ ചെലവഴിച്ച തുക | ബിൽ നമ്പരും തിയതിയും |
|---|---|---|
| 44/16 വനിതാ ഫെസിലിറ്റേഷൻ സെന്റർ - രായമംഗലം | 516320 | 31/31.03.16 |
| 49/16 വനിതാ ഫെസിലിറ്റേഷൻ സെന്റർ - കൂവപ്പടി | 446688 | 6/11.02.16 |

| | | |
|---|---|---|
| 53/16മുടക്കുഴ വനിതാ റിസോഴ്സ് സെന്റർ | 347394 | 2/30.06.15 |
| 54/16വായ്ക്കര വനിതാ ഫെസിലിറ്റേഷൻ സെന്റർ | 740000 | 1/30.06.15 |
| 61/16വനിതാ സാംസ്കാരിക കേന്ദ്രം -അശമന്നൂർ | 395771 | 29/31.03.16 |
| 62/16ഇടംതുരുത്ത് വനിതാ ഫെസിലിറ്റേഷൻ സെന്റർ | 520527 | 13/26.03.16 |
| 70/16വനിതാ ഫെസിലിറ്റേഷൻ സെന്റർ - അശമന്നൂർ | 406820 | 8/12.02.16 |
| ആകെ | 3373520രൂപ | |

മേൽ കാണിച്ചിട്ടുള്ള കെട്ടിടങ്ങൾ പ്രോജക്ടിൽ വിഭാവനം ചെയ്ത കാര്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കപ്പെടുന്നുണ്ടോയെന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7, തിയതി 18-02-17) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ 44/16 പ്രകാരം നിർമ്മാണം നടത്തിയ രായമംഗലം പഞ്ചായത്തിലെ വനിതാ ഫെസിലിറ്റേഷൻ സെന്റർ ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി. ഇലക്ട്രിഫിക്കേഷനും പ്ലംബിംങ്ങും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലായിരുന്നു പ്രസ്തുത കെട്ടിടം. കെട്ടിടത്തിന്റെ പേരുവിവരങ്ങളടങ്ങിയ ബോർഡും സ്ഥാപിച്ചിരുന്നില്ല. ഏറ്റെടുക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുന്ന രീതിയിലുള്ള സമ്പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുത്തതിനാലാണ് ഇപ്രകാരം സംഭവിച്ചത്. നടപ്പു സാമ്പത്തിക വർഷത്തിലും മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ ബാക്കിയുള്ള പണികൾ തീർക്കുന്നതിനായി തുക വകയിരുത്തുകയോ പ്രോജക്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ, ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ 7 കെട്ടിടങ്ങളും പ്രോജക്ടിൽ വിഭാവനം ചെയ്ത കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ട് എന്നതു ഉറപ്പാക്കുന്നതുവരെ ഈ പ്രോജക്ടുകൾക്കായി ചെലവഴിച്ച 3373520രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൂവപ്പടി ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾ | 2015-16 | 6530000 | IAY ഭവന പദ്ധതി | 3920000 | 2610000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 4587892 | IAY ഭവന പദ്ധതി | 4587892 | -വാർഷീക കണക്കുകളുടെ |

വാർഷീക കണക്കുകളുടെ RP -31 ഷെഡ്യൂളിൽ 320700203, 204,205,201 എന്നീ ഹെഡുകൾ പ്രകാരം 2,84,67,392 രൂപ സംയുക്ത പ്രൊജക്ടുകൾക്കായി വരവുണ്ട്.എന്നാൽ പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ഭ്യമാക്കിയ കണക്കുകൾ പ്രകാരം ഈ ഇനത്തിൽ 1,73,49,500 രൂപയുടെ കുറവ് കാണുന്ന വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മരാമത്ത് പ്രവൃത്തികൾക്ക് 2015-16 വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിൽ വായ്പ ലഭിച്ചതിന്റേയും / വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം പിൻവലിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| | ഐ.എ.വൈ. ഭവന നിർമ്മാണം | സ.ഉ.സാധാ. 90/13/ ത.സ്വഭ.വ /14.3.13 | 10425000 | 10335000 | * 75000 | - | 115012 | 10410000 |

* വാർഷികകണക്കിൽ 90000 രൂപ വായ്പ ഇനത്തിൽ വരവ് കാണിച്ചിട്ടുണ്ടെങ്കിലും ജില്ലാ സഹകരണ ബാങ്ക് നല്കിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം 75000 രൂപയേ ഓഡിറ്റ് വർഷത്തിൽ വായ്പയിനത്തിൽ പിൻവലിച്ചിട്ടുള്ളൂ. സാംഖ്യയിലെ രേഖപ്പെടുത്തൽ (ഹെഡ് കോഡ് 330500102) പരിശോധിച്ച് ഇതു സംബന്ധിച്ച് കൃത്യത വരുത്തേണ്ടതാണ്. കൂടാതെ ബാലൻസ് ഷീറ്റിലും അനുവദിച്ച മുഴുവൻ വായ്പാതുകയും (1,04,25,000രൂപ) പഞ്ചായത്ത് പിൻവലിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത രേഖപ്പെടുത്തലും പരിശോധിച്ച് കൃത്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 2015-16 വർഷത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1998-99 | | 2000-01 | അദ്ധ്യായം IV 7(43)(a) പേജ് 41 | 147000 | കല്ലിൽ ഗവ. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | | 2000-01 | അദ്ധ്യായം IV 7(43)(b) പേജ് 41 | 29000 | കൂവപ്പടി മേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | | 2000-01 | അദ്ധ്യായം IV 7(43)(c) പേജ് 41 | 50000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97962132 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94983503 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 510 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3673520 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | - | 510 | ശ്രീ. ജോജോ മാത്യൂ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | - | 510 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 3,00,000 | ശ്രീമതി. കെ. ഷക്കീല, സി.ഡി.പി .ഒ |
| 3-7 | 3373520 | ശ്രീ. ജോജോ മാത്യൂ, അസിസ്റ്റൻറ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 3673520 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജോജോ മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത് | ചെല്ലപറമ്പിൽ ഹൗസ്, എരുമത്തല പി.ഓ., ആലുവ |
| ശ്രീമതി. കെ. ഷക്കീല, സി.ഡി.പി .ഒ | സി.ഡി.പി .ഒ. മൂവാറ്റുപുഴ (അഡീഷണൽ), മഞ്ഞള്ളൂർ പഞ്ചായത്ത് ഓഫീസ് ബിൽഡിഗ്, വാഴക്കുളം | ബി1-02-06, എച്ച്.ഓ.സി. ടൗൺ ഷിപ്പ്, ഇരുമ്പനം പി.ഓ. |

# 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | | | - |
| 1998-99 | | | |
| 1999-2000 | | | |
| 2000-01 | | | |
| 2000-01 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 | | - |
| 2001-02 | | | |
| 2002-03 | | | - |
| 2003-04 | | | - |
| 2004-05 | | | |
| 2005-06 | | 2 | |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. | 5 | |

| | | | |
|---|---|---|---|
| 2007-08 | (ബി.പി1)121/ 2016/ 3.3.2016 | 1 | - |
| 2008-09 | | 1 | - |
| 2009-10 | | 2 | - |
| 2010-11 | | 1 | |
| 2011-12 | | 4 | - |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.1) 296/2014 /25.3.2014 | 5 | - |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (ബി.പി1)572/ 2016/ 4.4.2016 | 15 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(ബി.പി)354/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളംസിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 03.04.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

## APPENDIX – II

## AUDIT CERTIFICATE – 2015-16

No.KSA-EKM(BP)354/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail:doekm.ksad@kerala.gov.in

Date : 03.04.2017

Certified that I have audited the Annual Financial Statement of Koovappady Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Koovappady Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

.

Joint Director